കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
ഫോൺ – 04912520145
ഇ-മെയിൽ – dopkd.ksad@kerala.gov.in
www.ksad.kerala.gov.in

# കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9/228/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: - 11.02.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി9/228/2021 തീയതി – 11.02.2021

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.02.2019 മുതൽ 19-11-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-11-2020മുതൽ 30-11-2020 വരെ |

| | |
|---|---|
| ശ്രീമതി ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീമതി.സുജാത.എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി കാർത്തിക.പി | ഓഡിറ്റർ |
| ശ്രീ. ഐ.കന്തസ്വാമി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ.വി.കെ.ഷംസുദ്ദീൻ | 01-04-2018 മുതൽ 12-02-2019 വരെ |
| ശ്രീ. പി ചിന്നക്കുട്ടൻ | 13.02.19 മുതൽ 05.03.19 വരെ |
| ശ്രീ.പി.മണികണ്ഠൻ | 06.03.19 മുതൽ 31.03.19 വരെ |
| സെക്രട്ടറി | |
| ശ്രീ. ജെ.ഷാജി | 01-04-2018 മുതൽ 25.06.2018 വരെ |
| ശ്രീ. ടി.സുരേഷ് ( ഇൻ ചാർജ്) | 26.06.2018 മുതൽ 28.06.2018 FN വരെ |
| ശ്രീ.സി.ആന്റണി | 28.06.2018AN മുതൽ 31.03.2019 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഹാറൂൺ.ഐ | 01.04.18മുതൽ 10.10.18 വരെ |
| | അൽ ഉനൈസ് അജ് | 11.10.18മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സന്തോഷ്കുമാർ.എ.എസ്. | 01.04.18 മുതൽ 31.3.19വരെ |
| പ്രധാനാദ്ധ്യാപകൻ | വിജയകുമാർ | 01.04.18 മുതൽ 04.06.18 വരെ |
| | മിനിക്കുട്ടി | 05.06.18 മുതൽ 31.03.19വരെ |
| വി.ഇ.ഒ. | നാരായണൻകുട്ടി.കെ. | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | കാർത്ത്യായനി.എ | 01.04.18 മുതൽ 31.03.19 വരെ |
| | കണ്ണമ്മ.യു.ആർ | 01.04.18 മുതൽ 31.03.19 വരെ |
| | വൽസലകുമാരി.പി.കെ. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സുധീർ.എ. | 01.04.18 മുതൽ 21.06.18 വരെ |
| | ടി.സുരേഷ് | 22.06.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ബിനോയ് ബാബു. | 01.04.18 മുതൽ 19.04.18 വരെ |
| | ഡോ.സുനിൽകുമാർ.കെയു. | 20.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ജസീല | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.കൃഷ്ണകുമാർ | 01.04.18 മുതൽ 13.07.18വരെ |
| | ഡോ.അപർണ.എസ്.നായർ | 14.07.18 മുതൽ 21.12.18വരെ |
| | ഡോ.നടാഷ | 22.012.18 മുതൽ 31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.ദീപ.വി.എസ്. | 01.04.18 മുതൽ 01.07.18വരെ |
| | ഡോ.ശ്രീനിവാസൻ | 02.07.18 മുതൽ 16.09.18വരെ |
| | ഡോ.കാർത്തിക | 17.09.18 മുതൽ 11.02.19വരെ |
| | ഡോ.രാംകുമാർ | 12.02.19 മുതൽ 31.03.19വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | പ്രീയ.പി.ബി. | 01.04.18മുതൽ 19.05.18വരെ, 05.06.18മുതൽ26.07.18വരെ, &16.03.19മുതൽ 25.03.19വരെ |
| | രശ്മി.കെ.ജി | 25.05.18 മുതൽ 05.06.18വരെ |
| | ശ്യാമ.എം.എ | 26.07.18 മുതൽ 16.03.19 വരെ 25.03.19 മുതൽ 31.03.19 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം) |
| 6 | 1-6 | ക്ഷേമ പദ്ധതികൾ |
| 7 | 1-7 | ക്യാഷ് പരിശോധന |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | വാർഷിക കണക്കുകകളിലെ അപാകതകൾ |
| 11 | 1-11 | തൊഴിൽനികുതി- അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ |
| 13 | 1-13 | വസ്തുനികുതി കുറവായി നിർണയിച്ചത് പുനപരിശോധിക്കേണ്ടതാണ്. |
| 14 | 1-14 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചതിൻമൂലം വസ്തുനികുതി ഇനത്തിൽ നഷ്ടം |
| 15 | 1-15 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ. |
| 16 | 1-16 | ലൈവ് സ്റ്റോക്ക് ഫാമിന് അനുമതി നൽകൽ- ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല. |
| 17 | 1-17 | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് വിരുദ്ധമായി കെട്ടിട നിർമാണ |

| | | |
|---|---|---|
| | | അനുമതി നൽകിയത് പരിശോധിക്കേണ്ടതാണ്. |
| 18 | 1-18 | മാന്വൽ രശീതികളുടെ പരിശോധന- അപാകതകൾ |
| 19 | 1-19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് |
| 20 | 1-20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ് |
| 21 | 1-21 | ശമ്പളപരിഷ്കരണ കുടിശ്ശികയുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയില്ല |
| 22 | 1-22 | ആട്ട വളർത്തൽ, പശു വളർത്തൽ പദ്ധതികൾ - ആസൂത്രണത്തിലും നടത്തിപ്പിലും ഉള്ള അപാകതകൾ |
| 23 | 1-23 | ആട് വളർത്തൽ (വനിത) – ജനറൽ പദ്ധതി - സബ്സിഡി തുക അക്കൗണ്ട് മാറി ക്രെഡിറ്റ് ചെയ്തത് - തുക തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| 25 | 1-25 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ - TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല |
| 26 | 1-26 | പാലിന് സബ്സിഡി പദ്ധതി - സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 27 | 1-27 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല |
| 28 | 1-28 | വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്നില്ല |
| 29 | 1-29 | മെഡിക്കൽ ഓഫീസർ ആയുർവേദം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല |
| 30 | 1-30 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ |

| | | |
|---|---|---|
| | | അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല |
| 31 | 1-31 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം - ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 32 | 1-32 | വികലാംഗർക്ക് മുച്ചക്ര വാഹനം (സ്കൂട്ടർ) വാങ്ങൽ (ജില്ലാ പഞ്ചായത്ത് ഷെയർ) - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| 33 | 1-33 | എസ് സി യുവാക്കൾക്ക് സ്വയംതൊഴിലിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകിയതിലെ അപാകതകൾ |
| 34 | 1-34 | മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും അവലോകനം |
| 35 | 1-35 | കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല |
| 36 | 1-36 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |
| 37 | 1-37 | ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ കരാറുകാരന് തുക നൽകി |
| 36 | 1-38 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| 39 | 1-39 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ ലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടില്ല |
| | | ഭാഗം – 2<br>ഒന്നുമില്ല |
| 1 | 3-1 | ഭാഗം – 3<br><br>കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല |

| | | |
|---|---|---|
| 2 | 3-2 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |
| | | ഭാഗം – 4 |
| 1 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 2 | 4-2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 3 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 5 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 6 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 7 | 4-7 | ഓഡിറ്റ് റിക്കവറി |
| 8 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 9 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 10 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 11 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 12 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 13 | അനുബന്ധം-2 | വിവിധ പത്രികകൾ |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

19-3-2018-ാം തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പുൾപ്പെടെ 290417734/ രൂപയും ചെലവ് 285009000/- രൂപയും നീക്കിയിരിപ്പ് 5408734/- രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് പാസാക്കിയത് 16.3.2019 നാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018- | 31.7.18 | 15.05.2019 | - | - |

| 19 | | | | |
|---|---|---|---|---|

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21513097 |
| വരവ് | 126515912 |
| ആകെ | 148029009 |
| ചെലവ് | 107157587 |
| നീക്കിയിരിപ്പ് | 40871422 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 23112000 | 23112000 | 19805188 | 3306812 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 8358000 | 8358000 | 5430407 | 2927593 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 1573000 | 1573000 | 1196601 | 376399 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 9548000 | 9548000 | 9528523 | 19477 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4691000 | 4691000 | 3998844 | 692156 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 12986393 | 12986393 | 9999205 | 2987188 |
| ദുരിതാശ്വാസനിധി | | 2093 | 77 | 2170 | - | 2170 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | - | 30579407 | 30579407 | 30579407 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4527 | 562545 | 567072 | *557485 | 9579 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി എസ് സി | 1511336 | 2241647 | 3752983 | 853470 | 2899513 |
| | ഐ.സി. ഡി.എസ് | 1474401 | 691600 | 2166001 | 1200609 | 965392 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ബി ആർ ജി എഫ് | 3760 | - | 3760 | - | 3760 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | എസ്.ടി കോർപ്പസ് ഫണ്ട് | 14780000 | - | 14780000 | - | 14780000 |
| | വിമുക്തി | 12500 | 25000 | 37500 | 17822 | 19678 |
| | ഇൻഷ്വറൻസ് റിന്യൂവൽ | - | 7888 | 7888 | - | 7888 |
| | ലൈബ്രറി ഗ്രാന്റ് | 5915 | 11640 | 17555 | 11641 | 5914 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 769496 | 2769659 | 3539155 | 2711593 | 827562 |
| | ജില്ലാ പഞ്ചായത്ത് | 351448 | 2458660 | 2810108 | 2442128 | 367980 |
| ബി ഫണ്ട് | | - | 478680 | 478680 | 478680 | - |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | | 2369976 | 66960932 | 69330908 | 48805555 | 20525353 |
| മറ്റിനം (അവാർഡ് തുക) | | 140747 | 100000 | 240747 | - | 240747 |

*എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ അഡ്മിൻ ചെലവ് പ്രസ്തുത ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല

1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 320 | 162228224 | 253 | 92571124 | - | 67 | 79% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 79% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 57% ചെലവഴിച്ചിട്ടുള്ളൂ.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 4813645 | 2414390 | 50 |
| വി.ഇ.ഒ | 16 | 9 | 85344816 | 41616438 | 48.76 |
| ഐ.സി.ഡി.എസ് | 14 | 13 | 8710785 | 5953723 | 68 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| സെക്രട്ടറി | 28 | 16 | 6261509 | 4439717 | 70.90 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 209 | 177 | 36645813 | 28117579 | 76.72 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1412635 | 924046 | 65 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 2 | 1300000 | 1177040 | 90.54 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 3 | 350000 | 295770 | 84.50 |
| വെറ്ററിനറി സർജ്ജൻ | 10 | 8 | 9875000 | 3039906 | 30.78 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | 1 | 1 | 850000 | 850000 | 100 |
| പ്രധാന അധ്യാപകൻ | 12 | 5 | 3120000 | 1848392 | 59.24 |
| അസി.സെക്രട്ടറി | 8 | 6 | 3544021 | 1894123 | 53 |
| ആകെ | 320 | 253 | 162228224 | 92571124 | 57 |

1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 298680 | 169 |
| കർഷകതൊഴിലാളി പെൻഷൻ | 4508300 | 1610 |
| വിധവാ പെൻഷൻ | 18921600 | 6111 |
| വാർദ്ധക്യകാല പെൻഷൻ | 28946100 | 9197 |
| വികലാംഗ പെൻഷൻ | 3958700 | 1253 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 1087400 | 342 |

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 4470/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2020 | 06/2020 & 07/2020 | 09.11.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2005 | 97-98 മുതൽ 2004-05 വരെ | 29.09.10 |

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിൽ കാര്യമായ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ടതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ് എന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

1-10 വാർഷിക കണക്കുകകളിലെ അപാകതകൾ

വാർഷിക കണക്ക് സാക്ഷ്യപത്രത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

1-11 തൊഴിൽനികുതി- അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സബ് പോസ്റ്റ് ഓഫീസ്, കാഞ്ഞിരപ്പുഴ | 2 |
| 2 | HFC,യു.പി സ്കൂൾ, മുണ്ടകുന്ന് | 1 |
| 3 | വിയ്യക്കുറിശ്ശി ക്ഷീരോല്പാദന | 2 |

| | | |
|---|---|---|
| | സഹകരണ സംഘം | |
| 4 | സബ് പോസ്റ്റ് ഓഫീസ്, വിയ്യക്കുറിശ്ശി | 1 & 2 |
| 5 | പോസ്റ്റ് ഓഫീസ്, ഇരുമ്പകച്ചോല | 2 |

2. റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

3. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽനികുതി അടച്ചതായോ കാണുന്നില്ല.

1. രാജൻ.കെ
2. ശശിധരൻ.കെ
3. മനാഫ്.വി
4. മുഹമ്മദ്കുട്ടി
5. മുഹമ്മദ് മുസ്തഫ
6. അബ്ദുൾ ജലീൽ
7. വേണുഗോപാൽ.പി
8. രാധാകൃഷ്ണൻ.ടി.സി
9. ടി.രാമരാജൻ
10. കെ.ഗോവിന്ദൻകുട്ടി
11. അഷ്റഫലി.കെ
12. യൂസഫ്.സി
13. കോയക്കുട്ടി.എം
14. ഷംസുദ്ദീൻ
15. മുസ്തഫ.ടി.കെ
16. സോമൻ.കെ
17. വിശ്വനാഥൻ.എം
18. താജുദ്ദീൻ
19. നിസാമുദ്ദീൻ

20. അബൂബക്കർ സിദ്ദിഖ്

21. സക്കീർ.യു

22. സുലൈമാൻ.എം

23. സുരേഷ് ബാബു.കെ

24. വിഷ്ണുപ്രസാദ്

25. മുഹമ്മദ്.സി

26. മാത്യുജോസഫ്.പി

27. ബാരകൃഷ്ണൻ.എം.കെ

28. ദിലീപ്.ടി

29. അക്ബർ അലി

**4. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല**

പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാന പത്രിക ലഭ്യമാക്കി നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | Maveli store | 3 |
| 2 | Riyas saw mill | 3 |
| 3 | Nakshatra amrutham foods | 6 |
| 4 | Karingal Quary | 3 |
| 5 | Try me maruti care | 10 |
| 6 | Harafa rubber wood viniers | 35 |
| 7 | Harafa industries | 17 |
| 8 | Madathil agencies | 4 |
| 9 | Vrindavan wedding collections | 7 |
| 10 | Bismilla wood industries | 4 |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 08/29.11.2020 ന് മറുപടി ലഭിച്ചിട്ടില്ല. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

31.10.2017-ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതും ഉൽപാദനം, സേവനം എന്നിങ്ങനെ തരം തിരിക്കേണ്ടതും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ അപേക്ഷകളിൽ അത്തരത്തിൽ മൂലധനം രേഖപ്പെടുത്തി വാങ്ങുന്നില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം വിറ്റുവരവ് അടിസ്ഥാനമാക്കിയാണ് ഫീസ് ഈടാക്കിയിട്ടുള്ളതും ലൈസൻസ് അനുവദിച്ചിട്ടുള്ളതും. കൂടാതെ അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2018-19 വർഷം യന്ത്രങ്ങളുടെ തുടർ നടത്തിപ്പിനു തുക ഒന്നും തന്നെ ഈടാക്കിയിട്ടില്ല. ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 169 | We one rice & flour mill | 10 HP | 100 |
| 2 | 173 | Malabar sawmill | 36 HP | 400 |
| 3 | 195 | St.joseph rice & saw mill | 20 HP | 200 |
| 4 | 245 | Raj industries | 8.5 HP | 100 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | 247 | Kalpaka foods | 8 HP | 100 |
| 6 | 5 | Iron art engineering works | 15 HP | 200 |
| 7 | 21 | Harafa industries | 65 HP | 1000 |
| 8 | 22 | Harafa rubber wood industries | 140 HP | 2000<br>(1000 രൂപ ഈടാക്കിയിട്ടുണ്ട്) |
| 9 | 28 | Greenwally oils | 65 HP | 1000 |
| 10 | 55 | Nakshatra amrutham foods | 15 HP | 200<br>(50 രൂപ ഈടാക്കിയിട്ടുണ്ട്) |
| 11 | 50 | K c industries | 15 HP | 200 |
| 12 | 64 | Iron bar industries | 10 HP | 100 |
| 13 | 83 | Kesavan industries | 7.5 HP | 100 |
| 14 | 97 | Riyas saw mill | 35 HP | 400<br>(100 രൂപ ഈടാക്കിയിട്ടുണ്ട്) |
| 15 | 122 | Marotties hollow bricks | 10 HP | 100 |
| 16 | 123 | Kalpaka oil mills | 25 HP | 300 |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/18.11.2020 ന് മറുപടിയായി ലൈസൻസ് അനുവദിക്കുന്നതിൽ സംഭവിച്ച വീഴ്ച പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അപാകതകൾ പരിഹരിച്ച് ബോധിപ്പിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി കുറവായി നിർണയിച്ചത് പുന:പരിശോധിക്കേണ്ടതാണ്

2018-19 ലെ നമ്പറിംഗ് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. AE യുടെ പരിശോധന റിപ്പോർട്ട്, കംപ്ലീഷൻ പ്ലാൻ എന്നിവ ഇല്ലാതെ വസ്തുനികുതി നിർണയിച്ചിരിക്കുന്നു

അബൂബക്കർ s/o സുബൈദ എന്നവർക്ക് 18/782 മുതൽ 18/825 വരെ നമ്പറിലായി 44 കട മുറികൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം $m^2$ |
|---|---|---|---|
| 18 | 782 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 18.7 |
| 18 | 783 | ‘ | 9 |
| 18 | 784 | ‘ | 16.8 |
| 18 | 785 | ‘ | 16.8 |
| 18 | 786 | ‘ | 16.8 |
| 18 | 787 | ‘ | 16.8 |
| 18 | 788 | ‘ | 16.8 |
| 18 | 789 | ‘ | 16.8 |
| 18 | 790 | ‘ | 15 |
| 18 | 791 | ‘ | 15 |
| 18 | 792 | ‘ | 15 |
| 18 | 793 | ‘ | 17.89 |
| 18 | 794 | ‘ | 17.89 |
| 18 | 795 | ‘ | 17.89 |
| 18 | 797 | ‘ | 17.89 |
| 18 | 798 | ‘ | 17.89 |
| 18 | 799 | ‘ | 17.89 |
| 18 | 800 | ‘ | 17.89 |
| 18 | 801 | ‘ | 9.56 |
| 18 | 802 | ‘ | 16.71 |
| 18 | 796 | ‘ | 17.89 |
| 18 | 803 | ‘ | 9 |
| 18 | 804 | ‘ | 17.64 |
| 18 | 805 | ‘ | 16.8 |
| 18 | 806 | ‘ | 16.8 |
| 18 | 807 | ‘ | 16.8 |
| 18 | 808 | ‘ | 16.8 |
| 18 | 809 | ‘ | 16.8 |
| 18 | 810 | ‘ | 16.8 |
| 18 | 811 | ‘ | 15 |
| 18 | 812 | ‘ | 15 |
| 18 | 813 | ‘ | 15 |
| 18 | 814 | ‘ | 17.89 |
| 18 | 816 | ‘ | 17.89 |
| | | | |

| | | | |
|---|---|---|---|
| 18 | 817 | ‘ | 17.89 |
| 18 | 818 | ‘ | 17.89 |
| 18 | 819 | ‘ | 17.89 |
| 18 | 820 | ‘ | 17.89 |
| 18 | 821 | ‘ | 17.89 |
| 18 | 822 | ‘ | 9.56 |
| 18 | 823 | ‘ | 16.71 |
| 18 | 824 | ‘ | 7.13 |
| 18 | 825 | ‘ | 13.78 |
| ആകെ | | | 687.74 |

ടി ഫയലിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. AE യുടെ പരിശോധനാ റിപ്പോർട്ട് ഫയലില്ല.

2. കംപ്ലീഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളൂ. കംപ്ലീഷൻ പ്ലാൻ ഫയലില്ല.

3. അപേക്ഷകൻ പൂരിപ്പിക്കേണ്ട ഫോറം 2 ൽ വിവരങ്ങൾ അപേക്ഷകൻ പൂരിപ്പിച്ചില്ല. ഫോം മാത്രമാണ് ഫയലിലുള്ളത്

4. പെർമിറ്റ് നം. A3.8403.14 dated 10.03.2014 പ്രകാരം 1999.28 metre square നാണ്പെർമിറ്റ് നൽകിയിരിക്കുന്നത്. കെട്ടിട ഉടമയുടെ അപേക്ഷ പ്രകാരവും കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരവും പെർമിറ്റ് പ്രകാരം പണി പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. എന്നാൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത് 687.74സ്ക്വയർ മീറ്ററിന് മാത്രമാണ്.

5. ഒരേ ഉപയോഗഗണത്തിൽപ്പെടുന്നതും ഒരേ ആളുടെ ഉടമസ്ഥതയിലുള്ളതുമായ ടി കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള കെട്ടിട ഗണത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിനുമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ പ്രതിവർഷം അടിസ്ഥാന വസ്തുനികുതി ഇനത്തിൽ 13750/- രൂപയുടെ നഷ്ടം ഉണ്ടാകുന്നു. ഇവ പുന:പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

AE യുടെ പരിശോധന റിപ്പോർട്ട് , കംപ്ലീഷൻ പ്ലാൻ, ഫോറം 2 ലെ വിവരങ്ങൾ എന്നിവ ഇല്ലാതെയാണ് വസ്തുനികുതി നിർണയിച്ചിരിക്കുന്നത്. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 22/01.12.2020 ന് മറുപടി ലഭിച്ചിട്ടില്ല.

2. മേഖല, വഴി സൗകര്യം എന്നിവയിൽ ഇളവ് നൽകിയത് പരിശോധിക്കേണ്ടതാണ്.

അബ്ദുൾ റഷീദ് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 18/754, 755, 756, 757, 758, 759 എന്നീ നമ്പർ അനുവദിച്ചിട്ടുണ്ട് . ഫയലിലെ ഫോറം 6 പ്രകാരം 18/754, 755, 756, 757, 758, 759 എന്നീ കെട്ടിടങ്ങൾക്ക് മേഖല പ്രഥമം എന്നും, 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം 18/ 754 എന്ന കെട്ടിടത്തിന് ദ്വിതീയ മേഖല, 1.5 മീറ്ററിൽ താഴെ വഴി സൗകര്യം എന്ന് രേഖപ്പെടുത്തി വസ്തു നികുതിയിൽ ഇളവുകൾ നല്കിയിട്ടുണ്ട്. ഇത് പരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് അറിയിക്കേണ്ടതാണ്. ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 23/01.12.2020 ന് മറുപടി ലഭിച്ചിട്ടില്ല.

1-14 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചതിൻമൂലം വസ്തുനികുതി ഇനത്തിൽ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ

പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40 രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കായ 60/- രൂപ ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം ($m^2$) |
|---|---|---|---|---|
| 1 | 3/526 to 531 | Rasheed | വാണിജ്യം | 146.86 |
| 2 | 3/566 to 583 | Radhakrishnan | വാണിജ്യം | 161.228 |
| 3 | 11/489 to 500 | Immanual jose | വാണിജ്യം | 203.88 |
| 4 | 18/782 to 825 | Aboobackar | വാണിജ്യം | 687.74 |
| 5 | 12/667 to 673 | Abdukutty | വാണിജ്യം | 219 |
| 6 | 18/693 to 701 | Abdul rasheed | വാണിജ്യം | 143 |

ഇത്തരത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/29.11.2020 ന് മറുപടി ലഭിച്ചിട്ടില്ല.

1-15 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ, അനധികൃത നിർമ്മാണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിൽ ഗണം, നിലകളുടെ എണ്ണം, പെർമിറ്റ് ഫീസ്, FAR, intimations given to the applicant, പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ പരിശോധിച്ചതിൽ ഇത്തരം വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

2. പെർമിറ്റ് അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പെർമിറ്റ് രജിസ്റ്ററിൽ താഴെപറയുന്ന അപേക്ഷകളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ, പെർമിറ്റ് അനുവദിച്ചതായോ/നിരാകരിച്ചതായോ /രേഖകൾ ഹാജരാക്കുവാൻ അപേക്ഷകനെ അറിയിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് രജിസ്റ്ററിലെ ക്രമ നം. | അപേക്ഷാ തിയതി |
|---|---|---|---|
| 1 | Jaffer ali | 32, A1-2984/29.05.18 | 29.05.18 |
| 2 | Radha.V | 25, A1-2709/14.05.18 | 14.05.18 |
| 3 | Moideenkutty | 34, A1-3077/05.06.18 | 05.06.18 |
| 4 | Saddiqali | 35, A1-3110/07.06.18 | 07.06.18 |
| 5 | Muhammad | 52, A1-3781/04.07.18 | 04.07.18 |
| 6 | Ummukolusu | 61, A1-4212/23.07.18 | 13.08.18 |
| 7 | Surabhi | 72, A1-4579/13.08.18 | 20.08.18 |
| 8 | Rasiya | 78, A1-4737/30.08.18 | 30.08.18 |
| 9 | Janaki | 85, A1-4844/05.09.18 | 05.09.18 |
| 10 | Govinda dasan | 117, A1-5736/23.10.18 | 23.10.18 |

ടി അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ രേഖകൾ സഹിതം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3. അനധികൃത നിർമ്മാണ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം 33 അനധികൃത കെട്ടിടങ്ങളാണ് പഞ്ചായത്തിലുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29342/ആർ.എ1/2014/ തസ്വഭവ, 19.05.2014 തിയതിയിലെ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ

രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

1.ഏതുതരം ചട്ടലംഘനമാണ് നടത്തിയത് എന്നും ടി ലംഘനം പ്രതിപാദിക്കുന്ന റൂൾസ്, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും രേഖപ്പെടുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആണ്. കൂടാതെ എല്ലാമാസവും 25-ാം തിയതിക്ക് മുമ്പായി അതാത് സെക്രട്ടറിമാർ വകുപ്പ് തലവൻമാർക്ക് അയച്ചുകൊടുക്കേണ്ടതും വകുപ്പ് തലവൻമാർ അവ ക്രോഡീകരിച്ച് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ടി നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 09/29.11.2020 ന് മറുപടി ലഭിച്ചിട്ടില്ല.

1-16 ലൈവ് സ്റ്റോക്ക് ഫാമിന് അനുമതി നൽകൽ- ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല

2018-19 വർഷങ്ങളിൽ പുതിയതായി അനുമതി നൽകിയതും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ലൈവ്സ്റ്റോക്ക് ഫാമുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1.ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഒരു ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനുവേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്. അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്. ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ്. 2018-19 വർഷം ബിസ്മി കോഴി ഫാം (കെട്ടിട നമ്പർ-8/743) ന് ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള മേൽ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്.

2.ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ ഇത്തരം ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/29.11.2020) മറുപടി ലഭിച്ചിട്ടില്ല.

1-17 നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന് വിരുദ്ധമായി കെട്ടിട നിർമാണ അനുമതി നൽകിയത് പരിശോധിക്കേണ്ടതാണ്

2018-19 ലെ പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകർ സമർപ്പിച്ച രേഖകൾ പ്രകാരം കൈവശവകാശ സർട്ടിഫിക്കറ്റിൽ ഭൂമിയുടെ തരം wetland എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് 2008, 2018ലെ 29ാം ആക്റ്റ് എന്നിവയിലെ ആക്റ്റ് 27.6 പ്രകാരം 4.06 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമിക്കുന്നതിന് യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. എന്നാൽ ആക്റ്റ് 27.7 പ്രകാരം ഇത്തരം ആനുകൂല്യങ്ങൾ/ഒഴിവാക്കൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഉടമസ്ഥർക്കു മാത്രം ബാധകമായിരിക്കുന്നതാണ്. പെർമിറ്റ്

ഫയലിലെ രേഖകൾ പരിശോധിച്ചതിൽ, സ്ഥല പരിശോധനാ റിപ്പോർട്ടിൽ "ഭൂമിയുടെ തരം നിലമായതിനാൽ സെക്രട്ടറി സ്ഥലം പരിശോധിച്ച്, പെർമിറ്റ് നൽകാവുന്നതാണ്" എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയാണോ എന്ന പരിശോധന നടത്താതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിൽ പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് ഫയൽ നം. | സർവേ നമ്പർ | ഏരിയ (ഹെക്ടർ) | ഭൂമിയുടെ തരം |
|---|---|---|---|---|
| 1 | Sasikumar A1- 842/19 | 107/sc | 0.0364 | Wet land |
| 2 | Fathima sabeena A1-546/19 | 263/7A | 0.0486 | Wet land |
| 3 | Muhammadali A1- 528/19 | 27/2 | 0.0202 | Wet land |
| 4 | Nadiya moidu a1- 484/19 | 111 | 0.1049 | Wet land |
| 5 | Abdul saleem A1- 587/19 | s-27/2 | 0.0365 | Wet land |
| 6 | Firozkhan A1-5138/19 | 110/10A | 0.0243 | Wet land |

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ പാലിക്കാതെ കെട്ടിടനിർമാണത്തിന് അനുമതി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/1.12.2020 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് നിർമാണ അനുമതി നൽകിയത് പുനഃപരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

1-18 മാന്വൽ രശീതികളുടെ പരിശോധന- അപാകതകൾ

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റ് എന്നിവർക്ക് താഴെ പറയുന്ന മാന്വൽ രശീത് പുസ്തകങ്ങൾ പിരിവിനായി നൽകിയിട്ടുണ്ട്.

| ക്രമ നം | ബുക്ക് നം |
|---|---|
| 1 | 11868- പാർട്ട് ടൈം ലൈബ്രേറിയൻ |
| 2 | 64426- ഓഫീസ് അറ്റൻഡന്റ് |

സർക്കാർ ഉത്തരവ് (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.9, 6.5.11 എന്നിവ അനുസരിച്ച് രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നത് പാർട്ട് ടൈം ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റെ എന്നിവരുടെ ചുമതലയിൽപ്പെടുന്നതല്ല. പാർട്ട് ടൈം ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റ് എന്നിവരെ രശീത് പുസ്തകങ്ങൾ ഉപയോഗിച്ച് നികുതി / പണം പിരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും ചുമതലപ്പെടുത്തിയത് മേൽനോട്ട ചുമതലയുള്ള കാഷ്യർ, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ വീഴ്ചയാണ്. ഭാവിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ വ്യവസ്ഥകൾ / നിബന്ധനകൾ രശീത് പുസ്തകങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.11.2020) മറുപടി ലഭിച്ചിട്ടില്ല.

1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

2018-19 വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ വിവിധയിനങ്ങളിൽ ഡെപ്പോസിറ്റ് ലഭിച്ചതും ഇതുവരെയായി തിരികെ ആവശ്യപ്പെടാത്തതുമായ തുകകൾ ബാധ്യതയായി ഉള്ളതായി കാണുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 2003 മുതലുള്ള ഡെപ്പോസിറ്റുകൾ ഉണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282, KPRA അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 79 പ്രകാരവും കാലാവധി കഴിഞ്ഞിട്ടും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/25.11.2020) കാലപരിധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്

വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 346/19 | കാഞ്ഞിരപ്പുഴ ബസ്സ്റ്റാന്റ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | വൗച്ചർനം. 21801014/ 26.2.2019 (തനത് ഫണ്ട്) | 13810 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ കാഞ്ഞിരപ്പുഴ |
| 2 | 05/19 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 10/28.9.2019 | 200000 | എക്സി.എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി ഷൊർണൂർ |

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 146/19 | അരിപ്പനഴി അങ്കണവാടി നിർമ്മാണം-വിഹിതം നൽകൽ | 23/26.3.2019 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 200000 | മിഷൻ ഡയറക്ടർ, എം.ജി.എൻ. ആർ.ഇ.ജി.എസ് |
| 2 | പദ്ധതി ഇല്ല | സ്റ്റുഡന്റ്സ് പോലീസ് പ്രോഗ്രാം പ്രകാരം കേഡറ്റുകൾക്ക് പി.ടി ഡ്രസ് വാങ്ങുന്നതിന് | വൗച്ചർ നം. 21801098/ 28.3.2019 | 50000 | ഹെഡ്മാസ്റ്റർ ജി. എച്ച്.എസ് പൊറ്റശ്ശേരി |

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 20/19 | വിവിധ **എസ് സി കോളനികളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ** (എസ് സി പി) | 13/21.3.2019 | 400000 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി ഷൊർണൂർ | എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല |
| 2 | 145/19 | അക്കിയംപാടം | 14/18.3.2019 | 100000 | എക്സി. എഞ്ചിനീയർ, | എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ |

| | | | | | | |
|---|---|---|---|---|---|---|
| | | പേക്കിലടി എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ | തീയതി രേഖപ്പെട്ടുത്തിയിട്ടില്ല |
| 3 | 135/19 | നരിയംകോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 15/18.3.2019 | 100000 | എക്സി. എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി ഷൊർണ്ണൂർ | എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ തീയതി രേഖപ്പെട്ടുത്തിയിട്ടില്ല |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.2/24.11.2020, 14/30.11.2020)

1-21 ശമ്പളപരിഷ്കരണ കുടിശ്ശികയുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം ജി.ഒ. (പി) നം 7/16 ഫിൻ തീയതി.20.01.2016 ഉത്തരവ് പ്രകാരം പരിഷ്കരിച്ചതിന്റെ ഭാഗമായി 2014 മുതലുള്ള ശമ്പള കുടിശ്ശിക 3 ഗഡുക്കളായി ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ജി.ഒ. (പി) നം 146/2018 ഫിൻ തീയതി. 16.09.2018 ഉത്തരവ് പ്രകാരം IV-ാം ഗഡു ജീവനക്കാർക്ക് പണമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം III-ാംഗഡു പി.എഫിലേക്കും IV-ാം ഗഡു ശമ്പള കുടിശ്ശിക പണമായും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | വൗച്ചർ നമ്പർ/ തീയതി | തുക | ജീവനക്കാരുടെ എണ്ണം | ഗഡു |
|---|---|---|---|---|
| 1 | 21800083/7.5.18 | 102115 | 6 | 3ാം ഗഡു |
| 2 | 2180084/7.5.18 | 26269 | 2 | 3ാം ഗഡു |
| 3 | 21800441/1.10.2018 | 140718 | 8 | 4ഗഡു |

മേൽ ഉത്തരവ് നം 1 ലെ ഖണ്ഡിക 48 (1) പ്രകാരം വർദ്ധിപ്പിച്ച് നൽകിയ ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ സ്ഥാപനം അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് ശമ്പള കുടിശ്ശിക 1, 2,3 ഗഡുക്കൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുകയും ജീവനക്കാർക്ക് IV-ാം ഗഡു പണമായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശികയുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/30.11.2020) തുക നാളിതുവരെ അടവാക്കിയിട്ടില്ലെന്നും ആയത് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ആട്ടു വളർത്തൽ, പശു വളർത്തൽ പദ്ധതികൾ - ആസൂത്രണത്തിലും നടത്തിപ്പിലും ഉള്ള അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ 21-02-2019 തിയതിയിലെ 2/1 ഭരണസമിതി തീരുമാനം പ്രകാരം

വെറ്ററിനറി സർജൻ നടപ്പാക്കുന്ന ആട്ട വളർത്തൽ, പശു വളർത്തൽ എന്നീ പദ്ധതികളിൽ ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന നോക്കാതെ മുഴുവൻ രേഖകളും ആദ്യം ഹാജരാക്കുന്ന നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ടി ആനുകൂല്യം നൽകുന്നതിനുള്ള തീരുമാനം അംഗീകരിച്ചിട്ടുണ്ട്. 30-11-2018 തിയതിയിലാണ് ടി പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം അവസാന പകുതിയിൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും തുടർന്ന് മേൽ സൂചിപ്പിച്ച പ്രകാരം മുൻഗണന നോക്കാതെ ആനുകൂല്യം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മുൻകൂർ ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു തീരുമാനം എടുത്തത് എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്.

കറവപ്പശു വളർത്തൽ (വനിത) – ജനറൽ എന്ന പദ്ധതി നടപ്പാക്കിയതിൽ അന്നമ്മ ജിമ്മി എന്ന ഗുണഭോക്താവ് പോൾ.പി.എം എന്ന വ്യക്തിയിൽ നിന്നും പശു വാങ്ങുകയും ടി വ്യക്തിയുടെ അക്കൗണ്ടിലേക്ക് പശു വിറ്റയാൾ എന്ന നിലയിൽ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പോൾ.പി.എം എന്ന വ്യക്തിയുടെ ഭാര്യ ടെസ്സി പോൾ പദ്ധതിയുടെ ഗുണഭോക്താവായതിനാൽ കെ.ബി.റിജോ എന്ന വ്യക്തിയിൽ നിന്നും പശു വാങ്ങുകയും അവരുടെ അക്കൗണ്ടിലേക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. പോൾ.പി.എം എന്ന വ്യക്തിയുടെ ഭാര്യയ്ക്ക് പദ്ധതിയുടെ ഗുണഭോക്താവ് എന്ന നിലയിൽ ഒരു പശു ലഭിക്കുകയും ഇവർ മറ്റൊരു വ്യക്തിക്ക് ഒരു പശു വിൽക്കുകയും ചെയ്ത സാഹചര്യത്തിൽ ടി പദ്ധതിയുടെ പ്രയോജനം ലഭ്യമായതായി വിലയിരുത്താൻ കഴിയില്ല. പോൾ.പി.എം എന്ന വ്യക്തി പശു കച്ചവടക്കാരനാണെന്നും അന്നമ്മ ജിമ്മി എന്ന ഗുണഭോക്താവിന് ടിയാൾ ഒരു പശുവിനെ ടി പദ്ധതി പ്രകാരം വിറ്റിട്ടുണ്ട് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം അവസാന പകുതിയിൽ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുകയും ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കുവാനുള്ള സമയം പരിമിതപ്പെടുകയും ചെയ്യുമ്പോൾ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഗുണഭോക്തൃ വിഹിതം അടയ്ക്കാനാവാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന ക്രമത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 13/30 -11-2020)

1-23 ആട് വളർത്തൽ (വനിത) – ജനറൽ പദ്ധതി - സബ്സിഡി തുക അക്കൗണ്ട് മാറി ക്രെഡിറ്റ് ചെയ്തത് - തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം. – 120/19

അടങ്കൽ - 2280000/-

ചെലവ് -585000/-

ട്രഷറി ബിൽ നം. - 3/18-19, തുക – 45000/ തി. 14-02-2019

ആട് വളർത്തൽ (വനിത) – ജനറൽ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 39 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 6 പേർക്ക് സബ്സിഡി തുക 7500/- രൂപ വീതം 45000/- രൂപ നൽകിയിട്ടുണ്ട്. തുകകൾ ആടുകളെ വിറ്റ വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഷൈലജ.കെ, കുറ്റിയാംപാടം, പൂഞ്ചോല എന്ന ഗുണഭോക്താവ് ദിവ്യ സുമേഷ്, കുറ്റിയാംപാടം എന്ന വ്യക്തിയിൽ നിന്നാണ് ആട്

വാങ്ങിയിരിക്കുന്നത്. എന്നാൽ ആട് വാങ്ങിയതിന്റെ സബ്സിഡി തുക 7500/- രൂപ ഗ്രേസി റോയ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. അക്കൗണ്ട് വിവരം ചുവടെ ചേർക്കുന്നു.

ദിവ്യ സുമേഷ് - A/C No. 402802010015025

ഗ്രേസി റോയ് - A/C No. 6832

ആടിനെ വിൽക്കാത്ത ഗ്രേസി റോയ് എന്ന വ്യക്തിക്ക് തുക നൽകാനുണ്ടായ സാഹചര്യം , ആടിനെ വിറ്റയാളായ ദിവ്യ സുമേഷ് എന്ന വ്യക്തി ഇത് സംബന്ധിച്ച് പരാതി സമർപ്പിച്ചിട്ടുണ്ടോ എന്ന വിവരവും ഈ വിഷയം സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 7500/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം. 16 /01 -12-2020)

1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം. – 55/19

അടങ്കൽ - 1250000/-

ചെലവ് -243750/-

ട്രഷറി ബിൽ നം. - 7/18-19, തുക – 93750/ തി. 18-03-2019

ട്രഷറി ബിൽ നം. - 11/18-19, തുക – 75000/ തി. 19-03-2019

പദ്ധതി നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ 243750/- രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് ന്റെ STSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-25 ഡയറി എക്സ്റ്റൻഷൻ ഓഫീസർ - TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

ജി.ഒ.(പി) നമ്പർ 119/ 2015 ധനം തീയതി 21.03.15 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ T.R.7A ക്യാഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്നും തദ്ദേശ സ്വയംഭരണ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ T.R.7A ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ വരവ് ചെലവ് വിവരം T.R.7A ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-26 പാലിന് സബ്സിഡി പദ്ധതി - സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. - 74/19

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പദ്ധതി നടപ്പാക്കിയതിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | അടങ്കൽ (രൂപ ) | ചെലവ് (രൂപ ) |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 450000/- | 450000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000/- | 300000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 100000/- | 100000/- |
| ആകെ | 850000/- | 850000/- |

ഗ്രാമ പഞ്ചായത്തിലെ ആകെ 3 ക്ഷീര സംഘങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള 211 ക്ഷീര കർഷകർക്ക് 2018 ഏപ്രിൽ മുതൽ മാർച്ച് 2019 വരെ ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. 13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ. (കൈ) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ബോണസ് എന്ന രീതിയിൽ സർക്കാർ സബ്സിഡി മാർഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ടി പദ്ധതി പ്രകാരം 450000/- (വികസന ഫണ്ട്- ജനറൽ) രൂപ 2018 ഏപ്രിൽ മുതൽ ജൂൺ വരെ 4/L- രൂപ നിരക്കിലും 2018 ജൂലൈ മാസത്തിൽ 3.7487/L നിരക്കിലും 201 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ബാക്കി ചെലവ് തുക ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 400000/- രൂപ ചെക്ക് നം.3065834/28-03-19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഓരോ ക്ഷീര സംഘങ്ങളിലും ഉൾപ്പെടുന്ന എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതമാണ് സബ്സിഡി നൽകിയത് എന്നതിന്റെ വിവരവും 2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് 12 മാസവും സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 400000/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ, ടി 400000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം. 5 /27 -11-2020)

1-27 ലൈഫ് മിഷൻ പാർപ്പിട പദ്ധതി - ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല

പ്രോജക്ട് നം. - 50/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി. ഇ. ഒ

അടങ്കൽ - 73200000/-

ചെലവ് - 36449104/-

2018-19 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം 182 ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് 5

ഗഡുക്കളായാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെല്ലാവരും തന്നെ എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന 13 ഗുണഭോക്താക്കൾ നാളിതു വരെ അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | പേര് |
|---|---|---|
| 1 | 7 | ഡോളി, ഇരുമ്പകച്ചോല( വാർഡ്-7) |
| 2 | 13 | ജലാലുദ്ദീൻ, അക്കിയംപാടം( വാർഡ്-13) |
| 3 | 10 | കദീജ, മുണ്ടകുന്ന്( വാർഡ്-10) |
| 4 | 16 | മിനി, തൃക്കല്ലൂർ ( വാർഡ്-16) |
| 5 | 18 | നളിനി, കൊറ്റിയോട് ( വാർഡ്-18) |
| 6 | 5 | രാധ, കാഞ്ഞിരം ( വാർഡ്-5) |
| 7 | 3 | രാജിമോൾ, പൊറ്റശ്ശേരി ( വാർഡ്-3) |
| 8 | 16 | രവീന്ദ്രൻ.വി.കെ, ത്രികല്ലൂർ ( വാർഡ്-16) |
| 9 | 17 | സഹനിവാസ്, ത്രികല്ലൂർ ( വാർഡ്-17) |
| 10 | 19 | സുജാത, ഉള്ളാപുള്ളിൽ ( വാർഡ്-19) |
| 11 | 18 | തങ്കമണി, വിഴ്യകുരിയം ( വാർഡ്-18) |
| 12 | 6 | തങ്ക, അമ്പാംകടവ് ( വാർഡ്-6) |
| 13 | 2 | സ്മിത, കുമ്പളംചോല ( വാർഡ്-2) |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് നിലവിൽ 13 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതി വിഹിതം ലഭ്യമല്ലാത്തത് കൊണ്ടാണ് ധന സഹായം നൽകാത്തത് എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 12 /30 -11-2020)

1-28 വിവിധ പദ്ധതികൾക്കായി മറ്റ് ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തെ AFS ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം മറ്റ് ഏജൻസികളിൽ നിന്ന് പദ്ധതി നടത്തിപ്പിനായി ലഭ്യമായതും ചെലവഴിക്കാത്തതുമായ താഴെ പറയുന്ന തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായി കാണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് വിവരം | പ്രൊജക്ട് വിവരങ്ങൾ | തുക | തുക ലഭ്യമായ വർഷം | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ടി.എസ്.സി | ഫ്രീമൺസൂൺ | 45936 | 2017-18 | ശുചിത്വമിഷൻ |
| | | ഒ.ഡി.എഫ് | 1440400 | 2017-18 | ശുചിത്വമിഷൻ |
| | | ഹരിതകേരളം | 25000 | 2017-18 | ശുചിത്വമിഷൻ |
| | | പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് | 1388177 | 2018-19 | സ്വച്ഛ്ഭാരത് മിഷൻ, ശുചിത്വ മിഷൻ |
| ആകെ | | | 2899513 | | |
| 2 | ഐ.സി. ഡി.എസ് | അങ്കണവാടി പോഷകാഹാരം | 943392 | 2017-18, 2018-19 | ശിശുവികസന പദ്ധതി ഓഫീസ് (കേന്ദ്രവിഹിതം) |
| | | ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് | 12000 | 2018-19 | ശിശുവികസന പദ്ധതി ഓഫീസ് |
| | | കുടിവെള്ളം | 10000 | 2018-19 | ശിശുവികസന പദ്ധതി ഓഫീസ് |
| ആകെ | | | 965392 | | |
| 3 | ബിആർജിഎഫ് | ഗ്രാമസഭാ മെമ്പർമാർക്കുള്ള പരിശീലനം | 3760 | 2013-14 | കില,തൃശ്ശൂർ |
| 4 | എസ്.ടി കോർപ്പസ് ഫണ്ട് | വെറ്റിലച്ചോല എസ് ടി കോളനി റോഡ് | 9500000 | 2016-17 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് |
| | | വെറ്റിലച്ചോല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 5280000 | 2016-17 | ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് |
| ആകെ | | | 14780000 | | |
| 5 | വിമുക്തി | - | 19678 | 2017-18, 2018-19 | എക്സൈസ് ഡിപ്പാർട്ട്മെന്റ് |
| 6 | | പാലിയേറ്റീവ് കെയർ | 21812 | 2017-18, 2018-19 | ബ്ലോക്ക് പഞ്ചായത്ത് |
| 7 | | ഒ ഡി എഫ് | 329800 | 2016-17 | ബ്ലോക്ക് പഞ്ചായത്ത് |
| 8 | | ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | 174855 | 2018-19 | ബ്ലോക്ക് പഞ്ചായത്ത് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 9 | | ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | 300100 | 2018-19 | ബ്ലോക്ക് പഞ്ചായത്ത് |
| 10 | | ലൈഫ് രണ്ടാംഘട്ടം എസ് സി പി | 78690 | 2018-19 | ജില്ലാ പഞ്ചായത്ത് |
| 11 | | ലൈഫ് രണ്ടാംഘട്ടം ടി എസ് പി | 289290 | 2018-19 | ജില്ലാ പഞ്ചായത്ത് |

തുക അതാത് വർഷം തന്നെ ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/25.11.2020) ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടി ലഭ്യമായ തുകകൾ അടുത്ത സാമ്പത്തികവർഷം ചെലവഴിച്ചിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കി. മറ്റുള്ള തുകകൾ ചെലവഴിക്കാൻ സാധ്യമല്ലാത്തപക്ഷം അതാത് ഏജൻസികൾക്ക് തിരികെ നൽകി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-29 മെഡിക്കൽ ഓഫീസർ ആയുർവേദം- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) STSB Account ന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ STSB Account No. 721031400000211 ൽ നിന്നും cheque number. 30459 തിയതി 22.02.19 പ്രകാരം 1033/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 11/30.11.2020 ന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ ₹1033/- തടസ്സപ്പെടുത്തുന്നു.

1-30 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ. (സാധാ) നം. 2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1-31 അങ്കണവാടികളുടെ ഭൗതിക സാഹചര്യം - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22-3-2011 ഖണ്ഡിക (സി)1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണ് ഉള്ളത്.അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3 അങ്കണവാടികൾക്ക് കുടിവെള്ളം കണക്ഷൻ ഇല്ലാത്തവയും 6 അങ്കണവാടികൾ ചുറ്റു മതിൽ ഇല്ലാത്തവയുമാണ്. 31 അങ്കണവാടികളിലും സാധാ ടോയ് ലറ്റുകൾ ഉണ്ടെങ്കിലും ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ ഇല്ല.

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 965392/- രൂപ ചെലവഴിക്കാതെ ടി.എസ്.ബി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.

അക്കൗണ്ട് നം. 799013000000060 ടി.എസ്.ബി,മണ്ണാർക്കാട് സബ് ട്രഷറി നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1474401 |
| വരവ് | 691600 |
| ആകെ | 216600 |
| ചെലവ് | 1200609 |
| നീക്കിയിരുപ്പ് | 965392 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 വികലാംഗർക്ക് മുച്ചക്ര വാഹനം (സ്കൂട്ടർ) വാങ്ങൽ (ജില്ലാ പഞ്ചായത്ത് ഷെയർ) - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നം. – 36/19

അടങ്കൽ - 200000/-

ചെലവ് -60000/-

ട്രഷറി ബിൽ നം. - 12/18-19, തുക – 60000/- തി.30-18-01-19

വികലാംഗർക്ക് മുച്ചക്ര വാഹനം (സ്കൂട്ടർ) വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിനായി 18-01-2019 തിയതിയിൽ ജില്ലാ പഞ്ചായത്ത് ഓഫീസ് അക്കൗണ്ടിലേക്ക് 60000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4 /27-11-2020)

1-33 എസ് സി യുവാക്കൾക്ക് സ്വയംതൊഴിലിനായി ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകിയതിലെ അപാകതകൾ

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റ് നം.307/19

അടങ്കൽ-527171 (ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ട്-175723, ജില്ലാ പഞ്ചായത്ത്-351448)

ചെലവ്- ഗ്രാമപഞ്ചായത്ത്-12051, ബിൽ നം.2/14.8.2018

ജില്ലാ പഞ്ചായത്ത്-24101 (ചെക്ക് നം. 224958/20.8.2018-14493/-, ചെക്ക് നം. 224957/ 20.8.2018-9608/-)

ലൈസൻസും ബാഡ്ജും ഉള്ള എസ്.സി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ഇരുചക്ര വാഹനം ഉപയോഗിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനായി സബ്സിഡി നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം എസ് സി വിഭാഗത്തിൽപ്പെട്ട 2 ഗുണഭോക്താക്കൾക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കളും മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്.

1) രാജേഷ്.കെ കല്ലുമല ഹൗസ്, പൊറ്റശ്ശേരി എന്ന വ്യക്തിയുടെ അർഹതാരേഖകൾ, വാർഡ്മെമ്പറുടെ സാക്ഷ്യപത്രം, എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ ടിയാൻ ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ ബ്രാഞ്ചിൽ കേബിൾ ടി.വി-യുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന വ്യക്തിയാണ്. ഗ്രാമപഞ്ചായത്ത് വിഹിതമായി 4804രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 9608 രൂപയും അടക്കം ടിയാന് 14412 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്.

2) രാഹുൽ കൃഷ്ണ, വടക്കറിശ്ശി, കാഞ്ഞിരപ്പുഴ എന്ന വ്യക്തിയുടെ അർഹതാ രേഖകൾ, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ ടിയാൻ ഇലക്ട്രീഷ്യൻ ജോലി ചെയ്യുന്ന വ്യക്തിയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാന് 21740 രൂപയാണ് സബ്സ്ഡിയായി നൽകിയിട്ടുള്ളത് (ഗ്രാമപഞ്ചായത്ത് വിഹിതം- 7247, ജില്ലാപഞ്ചായത്ത് വിഹിതം- 14493) കൂടാതെ ടിയാൻ വാങ്ങിയിട്ടുള്ളത് 83491 രൂപ വിലയുള്ള പൾസർ ബൈക്ക് ആണ്.

സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ, തീയതി-14.2.2018 പ്രകാരം തൊഴിൽരഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ സന്നദ്ധതയുള്ളവരോ ആവണം ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗരേഖ പ്രകാരം ആനുകൂല്യം നൽകാവുന്നത് മോട്ടോർ സൈക്കിൾ/ സ്കൂട്ടർ എന്നീയിനങ്ങൾക്കാണ്. ആയതിന് വിരുദ്ധമായി പൾസർ ബൈക്ക് വാങ്ങുന്നതിനും നിലവിൽ ഒരു ജോലിയിൽ ഏർപ്പെട്ടിട്ടുള്ള വ്യക്തികൾക്ക് സ്വയംതൊഴിൽ ആനുകൂല്യം നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചതും പദ്ധതി നടത്തിപ്പിൽ ഉണ്ടായ പാളിച്ച വെളിവാക്കുന്നു. മാർഗരേഖക്കു വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/24.11.2020) ക്രമ നം. 1 പ്രകാരമുള്ള വ്യക്തി കേബിൾ ടി വിയുമായി ബന്ധപ്പെട്ടും ക്രമ നം. 2 പ്രകാരമുള്ള വ്യക്തി ഇലക്ട്രിക്കൽ പ്രവർത്തിയുമായി ബന്ധപ്പെട്ടും ജോലിചെയ്യുന്ന വ്യക്തികളാണെന്നും ഈ രണ്ട് ഗുണഭോക്താക്കൾക്കും ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്ത് ജോലി ചെയ്യേണ്ട പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് ആനുകൂല്യം നൽകിയതെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതി മാർഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുശേഷം മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മറ്റി ഈ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

മാർഗരേഖയിൽ വിവക്ഷിച്ചിട്ടുള്ള ഉദ്ദ്യേശ ലക്ഷ്യത്തിനു വിരുദ്ധമായി തികച്ചും അനർഹരായ വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് പദ്ധതി മാർഗരേഖയുടെ ലംഘനമായി കണക്കാക്കി ചെലവഴിച്ച തുക 36152 രൂപ തടസപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി പദ്ധതി ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-34 മരാമത്തു പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും അവലോകനം

ആകെ വകയിരുത്തിയ തുകയുടെ 76.72% ചെലവഴിച്ചിട്ടുള്ളൂ. 2018-19 വർഷം സ്പിൽ ഓവർ ഉൾപ്പെടെ ആകെ അംഗീകാരം വാങ്ങിയ 209 പ്രവൃത്തികളിൽ 177 എണ്ണ ത്തിനായി തൻ വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

2017-18 ൽ അംഗീകാരം വാങ്ങിയതും 2018-19 ൽ സ്പിൽ ഓവർ ആയി തുടരുന്നതുമായ താഴെ പറയുന്ന പ്രവൃത്തികൾ 2018-19 ലും പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 1. | 229/19, പള്ളിക്കുന്ന് ഇടവഴി ടൈൽ പതിക്കൽ | 100000 | വികസന ഫണ്ട് (എസ്സ്. സി. പി) |
| 2. | 237/19, കാഞ്ഞിരംചോല കുടിവെള്ള പദ്ധതി പൂർത്തീകരണം | 100000 | മെയിന്റനൻസ് (നോൺറോഡ്) |
| 3. | 241/19, കുമ്പളംചോല പറയംകുന്ന് റോഡ് | 350000 | മെയിന്റനൻസ് (നോൺ റോഡ്) |
| 4. | 254/19, വിവിധ മരാമത്ത് പണികൾക്ക് ബിറ്റുമിൻ വാങ്ങൽ | 153260 | തനതുഫണ്ട് |
| 5. | 265/19, വർമ്മംകോട് അസംപ്ഷൻ കനാൽ റോഡ് ടാറിംഗ് | 160000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും അവയിൽ ഉപേക്ഷിച്ച പ്രവൃത്തികളുണ്ടെങ്കിൽ ആയതു സംബന്ധിച്ചും വിവരം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (15 /30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

2. പൊതു അപാകതകൾ

- പ്രവൃത്തികളുടെ ഫയലിനോടൊപ്പം വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തുന്നില്ല.
- 2018-19 വർഷത്തിൽ ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടുള്ള രേഖകൾ ഇല്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

- ചെറിയ തുകകൾ വകയിരുത്തി പ്രവൃത്തികളുടെ എണ്ണം കൂട്ടുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
- പ്രവൃത്തികൾ നിർവ്വഹണ കലണ്ടർ പ്രകാരം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തികളുടെ നിർവ്വഹണം മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണത്തിൽ കാലതാമസം വരുത്തുന്ന സാഹചര്യങ്ങൾ പരിഹരിക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ മുഖേന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
- നാളിതുവരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-35 കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വർഷം 8 പ്രവൃത്തികളിൽ മേൽ പ്രകാരം പിഴ ഈടാക്കുന്നതിന് വിട്ടു പോയിട്ടുണ്ട്.ആകെ ഈടാക്കേണ്ട പിഴ ₹. 20033/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിലടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (15/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. (കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക).

1-36 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2018-19 വർഷത്തെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ 3 പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. 2012 ലെ ജി.ഒ. (പി) 13/2012/PWD/ 01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ കൂടാതെയും എ.ഇ യുടെ ശുപാർശ ഇല്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ദീർഘിപ്പിക്കാൻ നിയമാനുസൃതമായ രീതിയിലല്ല പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചും ആകെ 50% ൽ അധികരിച്ചും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ ഫൈൻ

ഈടാക്കിയിട്ടില്ല/കുറവായാണ് ഈടാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആകെ ഈടാക്കേണ്ട പിഴ ₹12283/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.(കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക)

1-37 ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ കരാറുകാരന് തുക നൽകി

താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ നൽകുമ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | പ്രവൃത്തി,ട്രഷറി ബിൽ നം, കരാറുകാരൻ | ടെണ്ടർ നിരക്ക് | അധികം തുക നൽകിയത് |
|---|---|---|---|
| 1. | പടിഞ്ഞാറെപ്പാടം പൊതുകിണർ ആൾമറ നിർമ്മാണം (146/18)<br>50/26.10.18-36263/-<br>വേണുഗോപാൽ | 0.5% കുറവ് | പ്രവൃത്തിമൂല്യം-36263/-<br>(-) 0.5% - 181.31<br>36081.69 ie, 36082<br>കുറയ്ക്കുക<br>IT-361<br>KCWWF-361<br>കരാറുകാരന് നൽകേണ്ടത് - 35360/-<br>നൽകിയത് - 35537<br>അധികം - 177/- |
| 2. | പാത്തിവരമ്പ് റോഡ് സൈഡ് കെട്ടൽ(378/19)<br>111/14.01.19-150000<br>നിസാമുദ്ദീൻ | | പ്രവൃത്തിമൂല്യം-150000<br>(-) 0.1% - 150<br>149850<br>കുറയ്ക്കുക<br>IT- 1499<br>KCWWF-1499<br>കരാറുകാരന് നൽകേണ്ടത് 146852/<br>നൽകിയത് -147000<br>അധികം - 148 |

ആകെ അധികം നൽകിയ 325/-(177+148) രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (15/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

1-38 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

2017-18 ൽ അംഗീകാരം വാങ്ങിയതും 2018-19 ൽ സ്പിൽ ഓവർ ആയി തുടരുന്നതുമായ താഴെ പറയുന്ന പ്രവൃത്തികളിൽ 2017-18 വർഷം ടെണ്ടർ ചെയ്ത് മുഹമ്മദ് മുസ്തഫ .എം എന്ന കരാറുകാരനായിരുന്നു എഗ്രിമെന്റ് വെച്ചിരുന്നത്. ഈ പ്രവൃത്തികൾ 30.6.18 നകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ 08.08.18 ന് മരണപ്പെട്ടതിനെത്തുടർന്ന് പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് നടപ്പിലാക്കിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ആദ്യ ടെണ്ടർ, എഗ്രിമെന്റ്, പൂർത്തീകരിക്കേണ്ട തീയതി | റീടെണ്ടർ, എഗ്രിമെന്റ്, പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1. | തൃക്കളൂർ വെട്ടിയാംകുന്ന് തോട് കെട്ടി സംരക്ഷിക്കൽ (259/19) അടങ്കൽ-150000 | 30.10.17<br>80/23.12.17<br>22.06.18 | 01.10.18<br>96/16.10.18<br>14.12.18 |
| 2. | നരിയംകോട് പൊതുകിണർ ആഴം കൂട്ടലും റിപ്പയറും (298/18) അടങ്കൽ-100000 | 29.11.17<br>94/30.12.17<br>28.06.18(5 മാസം) | ക്വട്ടേഷൻ(തീയതി ഇല്ല)<br>158/03.12.18<br>04.12.19 |
| 3. | കൊറ്റിയോട് മൈലാംകോട് റോഡ് സൈഡ് കെട്ടി സംരക്ഷിക്കൽ ( 258/19) അടങ്കൽ-100000 | 26.10.17<br>82/23.12.17<br>22.06.18 | 1.10.18<br>110/16.10.18<br>04.12.19 |

6/18 ൽ പൂർത്തിയാകേണ്ടിയിരുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തിയാകാതിരുന്നിട്ടും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇതു കാരണമാണ് കരാറുകാരൻ 08.08.18 ന് മരണപ്പെട്ടപ്പോൾ റീടെണ്ടർ നടത്തേണ്ടി വന്നത്. ഇതുമൂലം പ്രവൃത്തികളുടെ പൂർത്തീകരണം 6 മാസം കൂടി വൈകാനിടയായി. കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (19/01.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

പ്രവൃത്തികൾ നിർവ്വഹണ കലണ്ടർ പ്രകാരം / കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ നിർവ്വഹണ ഘട്ടവും മോണിറ്ററിംഗ് സമിതി നിരീക്ഷിച്ച് പദ്ധതി പുരോഗതിയെ ബാധിക്കുന്ന തടസ്സങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-39 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ ലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടില്ല

പ്രൊജക്റ്റ് - എം.ആർ.എഫ്.സി. സ്ഥാപിക്കൽ

അടങ്കൽ- 1150000/-(ശുചിത്വ മിഷൻ ഫണ്ട്)

കരാറുകാരൻ-വിശ്വനാഥൻ.എം.

ചെലവ്-ചെക്ക് നം.040068/30.3.19- ₹663470/-(പാർട് ബിൽ)

ഖരമാലിന്യ സംസ്കരണത്തിനായി പ്ലാസ്റ്റിക്ക് മെറ്റീരിയൽസ് സംഭരിച്ച് തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള തുടർനടപടികൾക്കായുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. 2018-19 വർഷം ആരംഭിച്ച് 2019-20 വർഷം പൂർത്തീകരിച്ചിട്ടുള്ള MRFC കെട്ടിടം നേരിൽ പരിശോധിച്ചപ്പോൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും കെട്ടിടത്തിനകത്തും പുറത്തും മാലിന്യം ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ളതായും കണ്ടു. ശേഖരിക്കുന്ന മാലിന്യങ്ങൾ ഏതു രീതിയിൽ കയ്യൊഴിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്നതും ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (17/1.12.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. 3.7.19 ൽ പൂർത്തീകരിച്ചിട്ടുള്ള MRFC കെട്ടിടം നാളിതുവരെ വൈദ്യുതീകരിച്ചിട്ടില്ല. തുക പിന്നീട് വകയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും വിവരം ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

- ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കയ്യൊഴിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.
- MRFC കെട്ടിടം വൈദ്യുതീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ തുകയുടെ 1% പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി, പി. എ.സി | അംഗീകരിച്ച തീയതി, സെലക്ഷൻ | എഗ്രിമെന്റ് വെച്ചത്, കരാറുകാരൻ | പിഴ ഈടാക്കേണ്ടത് (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ട്രഷറി ബിൽ നം. | നോട്ടീസ് നൽകിയത് | | |
| 1. | പള്ളിപ്പടി കാണിവായ്റോഡ് ടാറിംഗ്(244/19), 317612/- 6/25.06.18- ₹318993 | 14.11.17, 16.11.17 | 62/05.12.17 വിശ്വനാഥൻ | 3176/- |
| 2. | കൊറ്റിയോട് കാരകുന്ന് റോഡ് മെയിന്റനൻസ്, (242/19), 319810/- 7/25.06.18- ₹319968 | 14.11.17 16.11.17 | 63/05.12.17 എം.വിശ്വനാഥൻ | 3198/- |
| 3. | ഇയ്യമ്പലം റോഡ് മെയിന്റനൻസ് (235/19), 278178- 12/25.06.18- ₹275941 | 14.11.17 16.11.17 | 64/06.12.17 മനാഫ്.വി | 2782/- |
| 4. | കല്ലംകുളം കോൽപ്പാടം റോഡ് (239/19),279419/-13/25.06.18- ₹279823 | 14.11.17 16.11.17 | 65/06.12.17 മനാഫ്.വി | 2794/- |
| 5. | പാലാംപട്ട നരിയംകോട് റോഡ് (240/19), 279626/- 14/25.06.18- ₹279619 | 14.11.17 16.11.17 | 66/06.12.17 മനാഫ്.വി | 2796/- |
| 6. | അരിപ്പനഴി ജുമാമസ്ജിദ് റോഡ് റീടാറിംഗ്(243/19), 279063/-15/25.06.18- ₹279321 | 14.11.17 16.11.17 | 84/23.12.17 എം.മുഹമ്മദ് മുസ്തഫ | 2793/- |
| 7. | പടിഞ്ഞാറെപ്പാടം പൊതുകിണർ ആൾമറ (146/18), 49585/- 50/26.10.18- 36263 | 11.12.17 - - | 99/27.01.18 വേണുഗോപാൽ | 1000/- |
| 8. | ജെയ്ക്കൻ കോളനി പുഴ ഇടവഴി സംരക്ഷണം(305/18), 149442/-102/29.12.18- 150000 | 14.11.17 16.11.17 | 61/05.12.17 എം.വിശ്വനാഥൻ | 1494/- |
| ആകെ പിഴ ഈടാക്കേണ്ടത് | | | | 20033/- |

ആകെ ഈടാക്കേണ്ട പിഴ ₹20033/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിലടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിവരം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (15/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

3-2 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 2018-19 വർഷത്തെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല എന്നു കാണുന്നു. 2012 ലെ ജി.ഒ. (പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ കൂടാതെയും എ.ഇ യുടെ ശുപാർശ ഇല്ലാതെ നിയമാനുസൃത പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരണസമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച

പ്രവൃത്തികൾ അനധികൃതമാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന്<br>(അസ്സൽ കാലാവധിയുടെ 25 ശതമാനമോ<br>ആറ് മാസമോ ഏതാണോ കുറവ്) | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു<br>ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ദീർഘിപ്പിക്കാൻ നിയമാനുസൃതമായ രീതിയിലല്ല പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. പൂർത്തീകരണ കാലാവധി ആദ്യ തവണ 25% ൽ അധികരിച്ചും ആകെ 50% ൽ അധികരിച്ചും ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ ഫൈൻ ഈടാക്കിയിട്ടില്ല/കുറവായാണ് ഈടാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പിഴ ഈടാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരങ്ങൾ | പിഴ ഈടാക്കേണ്ടത് 1%+2% | ഈടാക്കിയത് | പിഴ ഈടാ ക്കേണ്ടത് |
|---|---|---|---|---|
| 1. | പാങ്ങോട് കനാൽ റോഡ് പാർശ്വഭിത്തി സംരക്ഷണം(262/19)<br>പി.എ.സി.- 249774/-<br>ബിൽ നം. 20/28.08.18- 219346/-<br>കരാറുകാരൻ- മാത്യു ജോസഫ്<br>എഗ്രിമെൻറ് 73/21.12.17 (സൈറ്റ്-21.12.17)<br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18 (TS പ്രകാരം 4മാസം)<br>പൂർത്തീകരിച്ച തീയതി- 25.6.18 | 7493 | 2193 | 5300 |
| 2. | പടിഞ്ഞാറെപ്പാടം പൊതുകിണർ ആൾമറ നിർമ്മാണം(257/19)<br>പി.എ.സി. - 49585/-<br>ബിൽ നം. 50/26.10.18- 36263/- അളവുപുസ്തകം-105/17-18 | 3000 (മിനിമം) | 500 | 2500 |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ- വേണുഗോപാൽ<br><br>എഗ്രിമെൻറ്- 99/27.01.18<br><br>പൂർത്തീകരിക്കേണ്ട തീയതി - 31.3.18 (TS പ്രകാരം 4 മാസം)<br><br>പൂർത്തീകരിച്ച തീയതി- 27.09.18 | | | |
| 3. | ജെയ്സൺ കോളനി പുഴ ഇടവഴി സംരക്ഷണം(305/18)<br><br>പി.എ.സി. - 149442/-<br><br>ബിൽ നം. -102/29.12.18- 150000/- അളവുപുസ്തകം-99/18-19<br><br>കരാറുകാരൻ- എം.വിശ്വനാഥൻ<br><br>എഗ്രിമെൻറ്-61/ 05.12.17<br><br>പൂർത്തീകരിക്കേണ്ട തീയതി - 05.05.18 (TS പ്രകാരം 5 മാസം)<br><br>പൂർത്തീകരിച്ച തീയതി- 5.12.18 | 4483 | 0 | 4483 |
| ആകെ | | | | 12283 |

മേൽപ്പറഞ്ഞവയിൽ ക്രമനം. 1, 2 എന്നിവയിൽ കരാറുകാർ പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ല. അസി.എഞ്ചിനീയർ സമയം അനുവദിച്ചു നൽകിയിട്ടുമില്ല. ക്രമ നം. 3 ൽ കരിങ്കല്ല് കിട്ടാത്തതും കിട്ടിയപ്പോൾ മഴമൂലവും യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ 31.12.18 വരെ സമയം അനുവദിക്കണമെന്ന കരാറുകാരന്റെ തീയതി ഇല്ലാത്ത അപേക്ഷ പരിഗണിച്ച് സമയം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ ഇതേ കാലയളവിൽ എഗ്രിമെന്റ് വെച്ച മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നതിനാലും കേരള പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായല്ല സമയം ദീർഘിപ്പിച്ചു നൽകിയത് എന്നതിനാലും ഇത് അംഗീകരിക്കത്തക്കതല്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (15/30.11.2020) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

ആകെ ഈടാക്കേണ്ട പിഴ ₹12283/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തിയതി | |
| 2018-19 | 08.07.2019 മുതൽ 09.07.2019 വരെ | കെ.എസ്.എ-പി.കെ.ഡി-21/997/2019(16) തിയതി 26.08.2019 |

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയിൽ വിനിയോഗിച്ചതിന്റെയും ബാക്കി നിൽക്കുന്നതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 242250 | ഉഴവുകൂലി | 241255 | 995 |
| | 2018-19 | 300000 | പാലിന് സബ്സിഡി 2018-19 | 300000 | - |
| | 2018-19 | 174855 | ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | - | 174855 |
| | 2018-19 | 308100 | ലൈഫ് മിഷൻ രണ്ടാംഘട്ടം (എസ് സി പി) | 8000 | 300100 |
| | 2017-18 | 413000 | ലൈഫ് മിഷൻ ഒന്നാംഘട്ടം | 413000 | - |
| | 2018-19 | 1243424 | ലൈഫ് മിഷൻ രണ്ടാംഘട്ടം (ജനറൽ) | 1243424 | - |
| | 2016-17 | 329800 | ഒ ഡി എഫ് | - | 329800 |
| | 2017-18 | 16846 | പാലിയേറ്റീവ് കെയർ | 365034 | 21812 |
| | 2018-19 | 370000 | പാലിയേറ്റീവ് കെയർ | | |
| | 2018-19 | 131030 | വികലാംഗ സ്കോളർഷിപ്പ് | 131030 | - |
| | 2017-18 | 9850 | വികലാംഗ സ്കോളർഷിപ്പ് | 9850 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 78690 | ലൈഫ് രണ്ടാംഘട്ടം എസ് സി പി | | 78690 |
| | 2018-19 | 289290 | ലൈഫ് രണ്ടാംഘട്ടം ടി എസ് പി | | 289290 |
| | 2018-19 | 1865680 | ലൈഫ് രണ്ടാംഘട്ടം | 1865680 | - |

| | | | | | |
|---|---|---|---|---|---|
| | | | ജനറൽ | | |
| | 2017-18 | 400000 | എസ് സി യുവാക്കൾക്ക് സ്കൂട്ടർ | 72653 *327347 തിരിച്ചടവ് | |
| | 2018-19 | 100000 | പാലിന് സബ്സിഡി | 100000 | - |
| | 2018-19 | 125000 | അംഗ പരിമിതർക്ക് സ്കോളർഷിപ്പ് | 125000 | - |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി-ഷൊർണ്ണൂർ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (5/19) | 10/ 28.9.2019 | 200000 | - | 200000 |
| കെ.എസ്.ഇ.ബി | കാഞ്ഞിരപ്പുഴ ബസ്സ്റ്റാന്റ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ (346/19) | 21801014/ 26.2.2019 | 13810 | - | 13810 |
| കേരള വാട്ടർ അതോറിറ്റി-ഷൊർണ്ണൂർ | വിവിധ എസ് സി കോളനി കളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ് സി പി) (20/19) | 13/ 21.3.2019 | 400000 | - | 400000 |
| കേരള വാട്ടർ അതോറിറ്റി-ഷൊർണ്ണൂർ | അക്കിയംപാടം പേക്കിലടി എസ് സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (145/19) | 14/ 18.3.2019 | 100000 | - | 100000 |
| കേരള വാട്ടർ അതോറിറ്റി-ഷൊർണ്ണൂർ | നരിയംകോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (135/19) | 15/ 18.3.2019 | 100000 | - | 100000 |
| മിഷൻ ഡയറക്ടർ, | അരിപ്പനഴി അങ്കണവാടി നിർമ്മാണം- | 23/ 26.3.2019 | 200000 | - | 200000 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | വിഹിതം നൽകൽ (146/19) | | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | KURDFC/ / /2018 | 28640000 | - | -- | - | 28640000 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-2000 | 3(14) | 2006-07 | 3.66.3 | 34 ഗുണഭോക്താക്കൾക്ക് സബ്സിഡി മാനദണ്ഡം പാലിക്കാതെ പമ്പ് സെറ്റ് നൽകി, നഷ്ടം -114555 | സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹126515912 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹107157587 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹32316 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹408533 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20033 | സന്തോഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 12283 | സന്തോഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 32316 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br><br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 7500 | ഡോ.രാംകുമാർ,<br>വെറ്ററിനറി സർജൻ |
| 1-26 | 400000 | ശ്യാമ.എം.എ.,<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| 1-29 | 1033 | ഡോ.നടാഷ,<br>മെഡിക്കൽ ഓഫീസർ,<br>ആയുർവേദം |
| ആകെ | 408533 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്തോഷ്കുമാർ,<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br><br>ഒറ്റപ്പാലം നഗരസഭ | അരുവിൽ വീട്,<br><br>ചുഡുവാലത്തൂർ പി.ഒ.,<br><br>ഷൊർണ്ണൂർ,<br><br>പാലക്കാട് |
| ഡോ.രാംകുമാർ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | 9/863,ജയ് നിവാസ്,<br><br>മന്നം നഗർ, മണ്ണാർക്കാട്,<br><br>പാലക്കാട് |
| ശ്യാമ.എം.എ.,<br>ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 13.06.19 മുതൽ ലീവിലാണ് | മലമൽ ഹൗസ്, കോട്ടോപ്പാടം പി.ഒ.,<br><br>മണ്ണാർക്കാട് കോളേജ് (വഴി) |
| | | |

| | | |
|---|---|---|
| ഡോ.നടാഷ, മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഒഫീസർ, ജി.എ.ഡി, മുറിയങ്കണ്ണി | പൊതുവാച്ചോല ഹൗസ്, അങ്ങാടിപ്പുറം, മലപ്പുറം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്എ/ പികെഡി9/225 തീയതി 13.03.18 | 6 |
| 1998-99 | കെ.എസ്എ/ പികെഡി9/906/18 തീയതി 30.08.18 | 4 |
| 1999-2000 | എൽ.എഫ്.പി 9/834/07 തീയതി 02.02.17 | 12 |
| 2000-01 | എൽ.എഫ്.പി 9/ 837/2007 തീയതി 29.07.08 | 4 |
| 2001-02 | എൽ.എഫ്.പി 9/ 837/2007 തീയതി 29.07.08 | 6 |
| 2002-03 | എൽ.എഫ്.പി 9/ 834/2007 തീയതി 27.07.08 | 9 |
| 2003-04 | എൽ.എഫ്.പി9-862/2009/ 7-6-2009 | 1 |
| 2004-05 | എൽ.എഫ്.പി 9/256/08 തീയതി 02.02.19 | 4 |
| 2005-06 & 2006-07 | കെ.എസ്.എ-പികെഡി9-1761/ 7-10-2015 | 11 |
| 2007-08 | എൽ.എഫ്.പി 9/1518/11/ തീയതി 16.12.11 | 3 |
| 2008-09 | എൽ.എഫ്.പി 9/1519/11 തീയതി 16.12.11 | 6 |
| 2009-10 & | കെ.എസ്എ/പികെഡി9/ | 19 |

| | | |
|---|---|---|
| 2010-11 | തീയതി 6.01.14 | |
| 2011-12 | കെ.എസ്എ/പികെഡി<br><br>തീയതി 10.01.18 | 6 |
| 2012-13 | കെ.എസ്.എ-പികെഡി-9-1634/201/1-10-2015 | 4 |
| 2013-14&<br><br>2014-15 | കെ.എസ്എ/<br>പികെഡി9/1286/17<br><br>തീയതി 8.05.18 | 15 |
| 2015-16 | കെ.എസ്എ/<br>പികെഡി9/1286/17<br><br>തീയതി 8.05.18 | 3 |
| 2016-17 | കെ.എസ്എ/<br>പികെഡി9/1010/18<br><br>തീയതി 8.11.18 | 16 |
| 2017-18 | കെ.എസ്എ/<br>പികെഡി9/1395/2019<br><br>തീയതി 18.07.19 | 16 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം. കെ.എസ്.എ-പി.കെ.ഡി21/997/2019(16)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16)
2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയവയ്ക്ക് ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആസ്തിയിലേക്ക് വരവ് വെയ്ക്കുന്നതിനുള്ള വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(16)

Kerala State Audit Department, District Audit Office, Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of kanhirapuzha Gramapanchayat for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of kanhirapuzha Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

Deputy Director

Annexure – 1

Abstract Defects/Discrepancies

1. Provision is not provided for Arrears in Income & Expenditure Account for the current financial year (I-16).
2. Asset Register is not updated.
3. Capital work in progress on reaching completion is not transferred to Asset by passing a journal entry.

Deputy Director

# അനുബന്ധം-2
## വിവിധ പത്രികകൾ

1.

| | | | |
|---|---|---|---|
| Kanjirapuzha Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21438699.00 |
| Cash | Cash | RP-40(a) | 74398.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 906580.00 |
| 140000000 | Fees & User Charges | RP-4 | 395762.00 |
| 150000000 | Sale & Hire Charges | RP-5 | 668844.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63680953.00 |
| 171000000 | Interest Earned | RP-9 | 820107.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10318435.00 |
| 350000000 | Other Liabilities | RP-36 | 208997.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2275.00 |
| 311000000 | Earmarked Funds | RP-29 | 77.00 |
| 330000000 | Secured Loans | RP-32 | 28640000.00 |
| 340000000 | Deposits Received | RP-34 | 325653.00 |
| 350000000 | Other Liabilities | RP-36 | 250720.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 20283794.00 |
| 460000000 | Loans, Advances and Deposits | RP-47 | 13715.00 |
| | Grand total | | 148029009.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3709893.00 |
| 220000000 | Administrative Expenses | RP-12 | 630934.00 |
| 230000000 | Operations & Maintenance | RP-13 | 907664.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6269132.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24490559.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4793781.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 906306.00 |
| | | | |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 478680.00 |
| Page No : 1 | | | |
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 17552883.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 994985.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 50000.00 |
| 280000000 | Prior Period item | RP-26 | -21788.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1079683.00 |
| 350000000 | Other Liabilities | RP-36 | 4331052.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1666.00 |
| 340000000 | Deposits Received | RP-34 | 205554.00 |
| 350000000 | Other Liabilities | RP-36 | 1395093.00 |
| 410000000 | Fixed Assets | RP-38 | 4966074.00 |
| 412000000 | Capital work in Progress | RP-40 | 1432556.00 |
| 440000000 | Pre-paid Expenses | RP-45 | 28640000.00 |
| 460000000 | Loans, Advances and Deposits | RP-47 | 4342880.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 40655536.00 |
| Cash | Cash | RP-40(b) | 215886.00 |
| | Grand Total | | 148029009.00 |

2.

| | | | |
|---|---|---|---|
| Kanjirapuzha Grama Panchayat | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4076443.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 96864.00 |
| 140000000 | Fee & User Charges | I-4(b) | 481287.00 |
| 150000000 | Sale & Hire Charges | I-5(b) | 668844.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 155865944.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 820107.00 |
| 180000000 | Other Income | I-9 | 2275.00 |
| | Total Income | | 162011764.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9032077.00 |
| | | | |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 806392.00 |
| 230000000 | Operations & Maintenance | I-12(b) | 1534934.00 |
| 240000000 | Interest & Finance Charges | I-13 | 1666.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 6269132.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 56113325.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4833781.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 906306.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 57900780.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 17552883.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1012807.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 550000.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 21747514.00 |
| | Total Expenditure | | 178261597.00 |
| | Gross Surplus/ Deficit of income over Expenditure | | -16249833.00 |
| 280000000 | Prior Period Item | I-18 | -127539.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -16122294.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.

| | | | |
|---|---|---|---|
| Kanjirapuzha Grama Panchayat | | | |
| BALANCE SHEET | | | |
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25726374.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 2170.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 36517237.00 |
| | Total Reserve & Surplus | | 62245781.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20147330.00 |
| | Total Grants, Contributions for Specific Purposes | | 20147330.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 28640000.00 |

| | | | |
|---|---|---|---|
| | Total Loans | | 28640000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 731844.00 |
| 350000000 | Other Liabilities | B-9 | 831640.00 |
| | Total Current Liabilities and Provisions | | 1563484.00 |
| | TOTAL LIABILITIES | | 112596595.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 57596306.00 |
| 411000000 | Accumulated Depreciation | B-11 | -21747514.00 |
| 412000000 | Capital Work in Progress | B-11(a) | 1432556.00 |
| | Total Fixed Assets | | 37281348.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 100.00 |
| | Total Investments | | 100.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 207459.00 |
| 440000000 | Pre-paid Expenses | B-16 | 28640000.00 |
| 450000000 | Cash and Bank Balance | B-17 | 40871422.00 |
| Page No : 1 | | | |
| 460000000 | Loans, Advances and Deposits | B-18 | 5596266.00 |
| | Total Current Assets, Loans and Advances | | 75315147.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 112596595.00 |

Digitally signed by Secretary

Deputy Director